II ഇ.ബി. XIV - കേരള നിയമസഭ/XIX-1

# പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2020 മാർച്ച് 02, തിങ്കൾ

പതിനാലാം കേരള നിയമസഭയുടെ പത്തൊമ്പതാം സമ്മേളനം 2020 മാർച്ച് 2-ാം തീയതി രാവിലെ 9.00 മണിക്ക് ദേശീയഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പറിനെ സൂചിപ്പിക്കുന്നു.)

(ആംഡ് പോലീസ് ബറ്റാലിയനിൽനിന്നും റൈഫിളുകളും വെടിയുണ്ടകളും കാണാതായ സംഭവത്തിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ബാനർ ഉയർത്തിക്കാട്ടി ബഹളം വയ്ക്കുകയും അല്പസമയത്തിനുശേഷം അവരവരുടെ സീറ്റുകളിൽ ഉപവിഷ്ടരാകുകയും ചെയ്തു.)

1(*1 & *9) സി &എ.ജി. റിപ്പോർട്ടിന്മേൽ നടപടി

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, തിരുവനന്തപുരം സ്പെഷ്യൽ ആംഡ് പോലീസ് ബറ്റാലിയനിൽ ആയുധങ്ങളുടെയും വെടിയുണ്ടകളുടെയും പ്രവർത്തനക്ഷമമായ കാട്രിഡ്ജുകളുടെയും സ്റ്റോക്കിൽ കുറവ് കണ്ടെത്തിയത് സംബന്ധിച്ച് ക്രൈം ബ്രാഞ്ച് പ്രത്യേക സംഘം അന്വേഷണം നടത്തിവരികയാണെന്നും എസ്. എ. പി. ക്യാമ്പിൽ നടത്തിയ പരിശോധനയിൽ 2005 മുതൽ 2016 വരെ ചീഫ് സ്റ്റോക്കിൽ നിന്നും എസ്.എ.പി.ക്ക് നൽകിയിട്ടുള്ള 660 5.5mm INSAS റൈഫിളുകളിൽ 647 എണ്ണം ക്യാമ്പിലും 13 എണ്ണം ഐ.ആർ. ബറ്റാലിയൻ ട്രെയിനികളുടെ പരിശീലനത്തിനായി മണിപ്പൂരിലേയ്ക്ക് കൊണ്ടുപോയതാണെന്നും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിശോധനയോടുകൂടി ഇതുസംബന്ധിച്ച് കൂടുതൽ വ്യക്തത കൈവരിക്കാൻ സാധിക്കുമെന്നും സഭയെ അറിയിച്ചു. ഡമ്മി കാട്രിഡ്ജുകൾ സ്റ്റോക്കുകളിൽ രേഖപ്പെടുത്തി സൂക്ഷിച്ചതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനെ ക്രൈംബ്രാഞ്ച് അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്തതിനുപുറമെ 11 പേർക്കെതിരെ വകുപ്പുതല അന്വേഷണവും നടത്തിവരികയാണ്. എ.പി. ബറ്റാലിയൻ പോലീസ് അഡീഷണൽ ഡയറക്ടർ ജനറലിന്റെ ഉത്തരവ് പ്രകാരം 4

പേരടങ്ങുന്ന ഒരു ബോർഡ് രൂപീകരിച്ച് നഷ്ടപ്പെട്ട തിരകളെ സംബന്ധിച്ച് സമഗ്ര പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ തിരകളുടെ എണ്ണത്തിൽ കുറവുള്ളതായി കണ്ടെത്തുകയും ഇതുസംബന്ധിച്ച് വിശദമായ അന്വേഷണം നടത്തി ഉത്തരവാദികളെ കണ്ടെത്താൻ സംസ്ഥാന പോലീസ് മേധാവി ഉത്തരവിടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കേസുമായി ബന്ധപ്പെട്ട് ക്രൈംബ്രാഞ്ച് അന്വേഷണം തുടർന്നുവരുന്നതിനാൽ മറ്റൊരു ഏജൻസിയെക്കൊണ്ട് അന്വേഷിക്കേണ്ട ആവശ്യമില്ലെന്നും സംസ്ഥാനത്തെ മുഴുവൻ എസ്.എ.പി. ബറ്റാലിയനുകളിലെയും വെടിക്കോപ്പുകളുടെയും/ആയുധങ്ങളുടെയും സമഗ്ര പരിശോധന നടത്തുന്നതാണെന്നും ക്രൈംബ്രാഞ്ച് അന്വേഷണ റിപ്പോർട്ടിനുശേഷം അതുസംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും സി.ആന്റ് എ.ജി.യുടെ റിപ്പോർട്ടിന്റെ ഉള്ളടക്കം ചോർന്നത് സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

2 (*2) <u>ജലയാനങ്ങളുടെ രജിസ്ട്രേഷനും സുരക്ഷാ സംവിധാനങ്ങളും</u>

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി) നൽകിയ മറുപടിയിൽ, വേമ്പനാട്ടു കായലിൽ

ഹൗസ്ബോട്ട് തീപിടിച്ച് നശിച്ചതുമായി ബന്ധപ്പെട്ട് മാരിടൈം ബോർഡ് നടത്തിയ മിന്നൽ പരിശോധനകളിൽ 8 ഹൗസ് ബോട്ടുകൾ രജിസ്ട്രേഷനില്ലാതെ പ്രവർത്തിച്ചതായി കണ്ടെത്തിയിട്ടുണ്ടെന്നും രജിസ്റ്റർ ചെയ്യാത്ത ഹൗസ് ബോട്ടുകൾ, ശിക്കാരകൾ തുടങ്ങിയവ കണ്ടെത്തി ഉൾനാടൻ ജലഗതാഗത നിയമത്തിന്റെ അടിസ്ഥാനത്തിൽ അർഹമായവയ്ക്ക് രജിസ്ട്രേഷൻ നൽകാനും ബാക്കിയുള്ളവയുടെ വിവരം 20 ദിവസത്തിനുള്ളിൽ സർക്കാരിൽ റിപ്പോർട്ട് ചെയ്യാൻ മാരിടൈം ബോർഡിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. രജിസ്ട്രേഷൻ നടത്താത്ത 299 വെസലുകൾക്ക് (2020 ജനുവരി മാസം വരെ) സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ട്. ആലപ്പുഴയിലുണ്ടായ അപകടങ്ങളുടെ പശ്ചാത്തലത്തിൽ രജിസ്റ്ററിംഗ് അതോറിറ്റിയെയും ആലപ്പുഴ പോർട്ട് ഓഫീസറെയും തൽസ്ഥാനങ്ങളിൽ നിന്ന് മാറ്റാനും ജലയാനങ്ങളുടെ സർവ്വീസുമായി ബന്ധപ്പെട്ട എൻഫോഴ്സ്മെന്റ് സംവിധാനം തുറമുഖ വകുപ്പിന് മാത്രമായി നടപ്പിലാക്കാൻ പരിമിതിയുള്ളതിനാൽ പോലീസ്/റവന്യൂ/ഉൾനാടൻ ജലഗതാഗതം/പൊല്യൂഷൻ കൺട്രോൾ ബോർഡ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ടാസ്ക് ഫോഴ്സ് രൂപീകരിച്ച് ഇൻസ്പെക്ഷൻ നടത്താനും മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക്

നിർദ്ദേശം നൽകിയിട്ടുണ്ട്. ഹൗസ് ബോട്ടുകളുടെയും ഉല്ലാസയാനങ്ങളുടെയും വെയ്സ്റ്റ് ഡിസ്പോസലിന് ഏകീകൃത സംവിധാനം ഏർപ്പെടുത്തുന്നതിനായി ജില്ലാ ഭരണകൂടവും ടൂറിസം വകുപ്പ് മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവരുമായി ചർച്ച നടത്തി പ്രൊപ്പോസൽ തയ്യാറാക്കുന്നതിനും അനധികൃതമായി സർവ്വീസ് നടത്തുന്ന ബോട്ടുകൾ പിടിച്ചെടുത്ത് സൂക്ഷിക്കുന്നതിന് പര്യാപ്തമായ സൗകര്യങ്ങൾ ഇല്ലാത്തതിനാൽ CrPC യിലെ വകുപ്പുകൾ പ്രകാരം ബോട്ടുടമകൾക്കെതിരെ കേസ്സെടുക്കുന്ന കാര്യം ജില്ലാ പോലീസ് മേധാവിയുമായി ചർച്ച നടത്താനും നിർദ്ദേശം നൽകിയിട്ടുണ്ട്. എല്ലാ യാത്രാ ബോട്ടുകളിലും ഉല്ലാസയാനങ്ങളിലും ജീവൻരക്ഷ/ അഗ്നിശമന ഉപകരണങ്ങൾ നിർബന്ധമാക്കുകയും സുരക്ഷാ ഉപകരണങ്ങളുടെ ഉപയോഗം സംബന്ധിച്ച് ജീവനക്കാർക്ക് 4 ദിവസത്തെ ബോധവൽക്കരണ പരിശീലന പരിപാടി നടത്തിവരികയുമാണ്. സുരക്ഷാ ഉപകരണങ്ങൾ ബോട്ടുകളിൽ സൂക്ഷിക്കാത്ത ഉടമകളിൽ നിന്നും പിഴ ഈടാക്കുകയും സ്റ്റോപ്പ് മെമ്മോ നൽകുകയും ചെയ്യുന്നുണ്ട്. കേരള ഉൾനാടൻ ജലയാന നിയമങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും 667 ബോട്ടുകൾ നിയമവിരുദ്ധമായി പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടെന്നും 17 ബോട്ടുകൾക്ക്

പുതിയതായി രജിസ്ട്രേഷൻ നൽകിയിട്ടുണ്ടെന്നും രജിസ്ട്രേഷൻ നടത്താത്ത 299 വെസലുകൾക്ക് 2020 ജനുവരി മാസം വരെ സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ടെന്നും ബോട്ടുകളുടെ സ്റ്റെബിലിറ്റി യഥാസമയം ഉറപ്പുവരുത്തുമെന്നും മന്ത്രി അറിയിച്ചു. ബോട്ടപകടങ്ങൾ ഉണ്ടാകാതിരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്നും അപകടത്തിൽ മരണപ്പെടുന്ന വ്യക്തിയുടെ കുടുംബത്തിന് സാമ്പത്തിക സഹായം നൽകുന്ന കാര്യവും അഷ്ടമുടിക്കായലിൽ ഹൗസ്ബോട്ടുകൾക്ക് പെർമിറ്റ് നൽകുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകളും സംബന്ധിച്ച് പരിശോധിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

3 (*3) പ്രവാസികളുടെ സംരക്ഷണം

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, കേരളീയരായ പ്രവാസികളുടെ സംരക്ഷണാർത്ഥം അവരുടെ നിയമ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ പ്രവാസി നിയമസഹായ സെൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടെന്നും വിദേശത്തെ പ്രവാസി മലയാളികളുടെ ക്ഷേമം ഉറപ്പാക്കുന്നതിന് പ്രവാസി തിരിച്ചറിയൽ കാർഡ് ഏർപ്പെടുത്തിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. പ്രവാസി കേരളീയരുടെ നിക്ഷേപം സംസ്ഥാനത്തിന്റെ പുരോഗതിക്കായി ഉപയോഗപ്പെടുത്തുന്നതോടൊപ്പം ജീവിതപങ്കാളികളുടെ

ജീവിതം സുരക്ഷിതമാക്കുന്നതിന് പ്രവാസി ഡിവിഡന്റ് പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ഗൾഫ് രാജ്യങ്ങളിലെ പ്രവാസികളുടെ വരുമാനത്തിന് ഇന്ത്യയിൽ നികുതി നൽകേണ്ടിവരുമെന്ന ആശങ്ക സംബന്ധിച്ച് സംസ്ഥാന ചീഫ് സെക്രട്ടറി കേന്ദ്ര കാബിനറ്റ് സെക്രട്ടറിക്കും നോർക്ക വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കേന്ദ്ര ധനകാര്യ സെക്രട്ടറിക്കും കത്തയച്ചിട്ടുണ്ടെന്നും പ്രവാസികളുടെ വിഭവശേഷിയും വൈഭവവും നാടിന്റെ പുരോഗതിക്കായി ഉപയോഗപ്പെടുത്തുന്നതിൽ സംസ്ഥാന സർക്കാർ അതിയായ ജാഗ്രത പുലർത്തിക്കൊണ്ട് നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും മുഖ്യമന്ത്രി അറിയിച്ചു. കേരളത്തിന്റെ പുരോഗതിക്ക് ആക്കം കൂട്ടുന്നതും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായ മേഖലകളിൽ പ്രവാസി മലയാളികളുടെ നിക്ഷേപങ്ങൾ സ്വീകരിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായി ഓവർസീസ് കേരളൈറ്റ്സ് ഇൻവെസ്റ്റ്മെന്റ് & ഹോൾഡിംഗ് എന്ന നിക്ഷേപ കമ്പനി രൂപീകരിക്കുകയും നോർക്ക-റൂട്ട്സിന്റെ കീഴിൽ ബിസിനസ് ഫെസിലിറ്റേഷൻ സെന്റർ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിക്ഷേപ കമ്പനിയുടെ കീഴിൽ വിവിധ പദ്ധതികൾക്ക് രൂപം നൽകുന്ന കാര്യം സർക്കാർ ആലോചിക്കുന്നുണ്ടെന്നും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി

മെച്ചപ്പെടുന്ന മുറയ്ക്ക് പ്രവാസികളുടെ പെൻഷൻ തുക വർദ്ധിപ്പിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1 മുതൽ 255 വരെയുള്ള ചോദ്യങ്ങളിൽ 102 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)